**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1568** **08-10-2021 - ൽ മറുപടിയ്ക്ക്**

**നെൽകൃഷിക്ക് പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഏതൊക്കെ നെൽവയലുകളെയാണ് സംരക്ഷിത നെൽ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം നെൽവയൽ എന്നാൽ വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും നെൽകൃഷി ചെയ്യുന്നതോ അല്ലെങ്കിൽ നെൽകൃഷിക്ക് അനുയോജ്യമായതും എന്നാൽ കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്നതുമായ എല്ലാത്തരം നിലവും അതിന്റെ അനുബന്ധ നിർമ്മിതികളായ ചിറകളും ജലനിർഗമന ചാലുകളും കുളങ്ങളും കൈത്തോടുകളും ഉൾപ്പെടുന്നു. ഇത്തരം പ്രദേശങ്ങൾ പ്രസ്തുത നിയമത്തിന്റെ സംരക്ഷണ പരിധിയിൽ വരുന്നു. |
| (ബി) | നെൽകൃഷി ലാഭകരമാക്കുന്നതിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയെ വിപുലമായ തോതിൽ ഉപയോഗിക്കാൻ നടപടികൾ ഉണ്ടാകുമോ? | (ബി) | കർഷകർക്ക് നെൽകൃഷി ലാഭകരമാകുവാൻ നെല്ലിന്റെ ഉത്പാദനക്ഷമത വർധിപ്പി ക്കുന്നതോടൊപ്പം നെൽകൃഷിയുടെ ഉത്പാദന ചെലവും കുറക്കേണ്ടതുണ്ട്. നെൽക്കൃഷിയിൽ കർഷകർക്ക് ഏറ്റവും കൂടുതൽ ചെലവ് വരുന്നത് നിലമൊരുക്കൽ, കള പറിക്കൽ മുതലായ കാർഷിക പ്രവർത്തികൾക്കാണ്. ജനകീയാസൂത്രണ പദ്ധതിയിൽ ഉഴവുകൂലിയിനത്തിൽ ഒരു ഹെക്ടറിന് 17000 രൂപയുടെ ആനുകൂല്യം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവ് നെൽകർഷകർ നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ്. ഇത്തരം കാർഷിക പ്രവർത്തികൾ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയാൽ കർഷകർക്ക് അത് ഏറെ പ്രയോജന കരമാകും. ഇത്തരത്തിൽ നെൽകൃഷിയിലെ വിവിധ പ്രവർത്തനങ്ങൾ MNREGSപദ്ധതി യുമായി സംയോജിപ്പിച്ച് ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ